# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൊറയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം22/1220/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/09/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൊറയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം22/1220/21 തീയ്യതി: 17/09/2021

## മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-02-2021 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-08-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 02-08-2021 | 09-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-08-2021 | 09-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുള്ള എ സി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ എം ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ നൗഷാദ് എ കെ, ഓഡിറ്റർ
ശ്രീമതി സക്കീന കെ, ഓഡിറ്റർ
ശ്രീമതി ഹുസ്ന വി.സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| | | (മുതൽ) | |
| ശ്രീ. കെ.എം സലീം മാസ്റ്റർ | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീമതി സുനീറ പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ എം.മജീദ് | സെക്രട്ടറി | 01-04-2020 | 13-03-2021 |
| ശ്രീമതി പ്രജിത കുമാരി എൻ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജേഷ്.എ.കെ | അസി.സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീമതി പ്രജിത കുമാരി എൻ വി | അസി.സെക്രട്ടറി | 10-06-2020 | 31-03-2021 |
| ശ്രീമതി. ഷെബിൻ ടി.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. വിനു എം നമ്പൂതിരി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സയ്യിദ് നസീറുല്ല | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ആയിഷ ഹുസ്ന നാനാക്കൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി. ആസ്യ വാക്കയിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 11-11-2020 |
| ശ്രീമതി കലാകുമാരി എസ്.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-11-2020 | 31-03-2021 |
| ശ്രീമതി. മീനാക്ഷി ടി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. പ്രജീഷ് പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ശാന്തി തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 08-02-2021 |
| ശ്രീ . സോജൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 09-02-2021 | 31-03-2021 |
| ശ്രീ . മുഹമ്മദ് അബ്ദുൾ റഷീദ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sakeena K (Auditor, On 08-08-2021)<br>Last Updated By: Husna (Auditor, On 13-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sakeena K (Auditor, On 09-08-2021)<br>Last Updated By: Husna (Auditor, On 13-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sakeena K (Auditor, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ<br>Written By: A.C.Abdulla (Audit Officer, On 09-08-2021)<br>Last Updated By: A.C.Abdulla (Audit Officer, On 10-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Husna (Auditor, On 09-08-2021)<br>Last Updated By: Husna (Auditor, On 10-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sakeena K (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Husna (Auditor, On 13-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-11 |
| 12 | ലൈഫ് ഭവന പദ്ധതി നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Sakeena K (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-12 |
| 13 | വസ്തു നികുതി വിജ്ഞാപനം പുതുക്കിയില്ല<br>Written By: Husna (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-13 |
| 14 | വസ്തു നികുതി നിർണ്ണയച്ചതിൽ കുറവ്<br>Written By: Husna (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-14 |
| 15 | പെർമിറ്റിലെയും അംഗീകൃത പ്ലാനിലെയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Mohammed Noushad A K (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-15 |
| 16 | മരുന്ന് ലഭ്യമായില്ല<br>Written By: A.C.Abdulla (Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-16 |
| 17 | സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ വാഷർ എന്നിവ വാങ്ങൽ പദ്ധതി-അപാകതകൾ<br>Written By: Husna (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-17 |
| 18 | ഫർണിച്ചർ വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ചെലവ് തടസ്സം ചെയ്യുന്നു. | 1-18 |

| | | |
|---|---|---|
| | Written By: Husna (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | |
| 19 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-19 |
| 20 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021) | 1-20 |
| 21 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-21 |
| 22 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-22 |
| 23 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021) | 1-23 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിച്ചില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-24 |
| 25 | ഓട്ടോറിക്ഷ വാങ്ങൽ - പ്രൊജക്ട് നടത്തിപ്പിലെ അപാതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-25 |
| 26 | ലൈസൻസ് അനുവദിക്കൽ - അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 1-26 |
| 27 | സ്ഥാപനങ്ങളുടെ വിശദാംശങ്ങളടങ്ങിയ ട്രേഡേർസ് ലിസ്റ്റ്/ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല<br>Written By: Mohammed Noushad A K (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 1-27 |
| 28 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക<br>Written By: Unni.P (Deputy Director, On 16-09-2021)<br>Last Updated By: Unni.P (Deputy Director, On 16-09-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Sakeena K (Auditor, On 07-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Sakeena K (Auditor, On 07-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 17-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sakeena K (Auditor, On 07-08-2021)<br>Last Updated By: Unni.P (Deputy Director, On 02-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/.2503.2020 | 11(2)/15.02.2021 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 30.06.21 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35710250 |
| ഓഡിറ്റ് വർഷത്തെ വരവ് | 79354237 |
| ആകെ | 115064487 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 70142752 |
| നീക്കിയിരിപ്പ് | 44921735 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11713588 | 11713588 | 11710690 | 2898 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5413941 | 5413941 | 4865634 | 548307 |
| വികസന ഫണ്ട് (ടി.എസ്.പി) | ० | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9741000 | 9741000 | 8006834 | 1734166 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4486161 | 4486161 | 3996612 | 489549 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 13639081 | 13639081 | 9906596 | 3732485 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 6110000 | 6110000 | 1625907 | 4484093 |
| എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേഷൻ) | 360941 | 1257567 | 1618508 | 1618505 | 3 |
| എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 16426017 | 16426017 | 16426017 | 0 |
| ഐ.സി.ഡി.എസ് | 1126187 | 2050802 | 3176989 | 1500000 | 1676989 |
| ബിഫണ്ട് | 0 | 53044540 | 53044540 | 53044540 | 0 |
| TSC | 2171842 | 69216 | 2241058 | 802806 | 1438252 |
| SSA | 1580120 | 5036 | 163056 | 0 | 163056 |
| ശുചിത്വമിഷൻ ഗ്രാന്റ് | 788000 | 2608566 | 3216566 | 11822060 | 1574506 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| JALANIDHI | 9443 | 1358091 | 1367534 | 0 | 1367534 |
| സാക്ഷരത | 33333 | 0 | 33333 | 0 | 33333 |
| കേരളോത്സവം | 0 | 2000 | 2000 | 0 | 2000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 96015845 | 189 | 57751930 | ൦ | 68 | 74 |

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷ പദ്ധതി രൂപികരണ നടപടികൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമാക്കി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷ പദ്ധതി രൂപികരണ നടപടികൾ 20.12.2019 നാണ് പഞ്ചായത്തിൽ ഔദ്യോഗികമായി ആരംഭിച്ചത്. 20.12.2019 ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി വർക്കിംഗ് ഗ്രൂപ്പുകളുടെ പുന:സംഘടന നടത്തി.

I-വിവിധ യോഗനടപടിക്രമങ്ങൾ ശരിയായി രേഖപ്പെടുത്തുന്നില്ല.

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പ് ജനറൽ മീറ്റിംഗ്, പഞ്ചായത്ത് തല ഭിന്ന ശേഷി ഗ്രാമസഭാ യോഗം, മുതിർന്ന പൗരൻമാരുടെ ഗ്രാമസഭ, തുടങ്ങി വിവിധ യോഗങ്ങൾ നടത്തിയെങ്കിലും യോഗങ്ങളുടെ മിനുട്സുകൾ ശരിയായി രേഖപ്പെടുത്തിയിട്ടില്ല.

II- വർക്കിംഗ് ഗ്രൂപ്പുകൾ ശരിയായി പ്രവർത്തിക്കുന്നില്ല.

പദ്ധതി രൂപീകരണ പ്രക്രിയയുടെ പ്രധാന ഭാഗമായ വർക്കിംഗ് ഗ്രൂപ്പുകൾ ശരിയായി പ്രവർത്തിച്ചതായി കാണുന്നില്ല. മുൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടന്നിട്ടില്ല. വികസന സെമിനാറിന് മുമ്പായി രണ്ട് യോഗങ്ങൾ ചേർന്നതായി കാണുന്നു. എന്നാൽ യോഗ മിനുട്സ് വ്യക്തമായി എഴുതാതെ ഏതാനും പ്രൊജക്ട് നിർദ്ദേശങ്ങൾ എഴുതി വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഓരോ വർഷവും സ്റ്റാറ്റസ് റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യേണ്ടതാണ്. അതാത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണെങ്കിലും മിനുട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഈ ചുമതല നിർവഹിച്ചതായി കാണുന്നില്ല.

വികസന സെമിനാറിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് അന്തിമ പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണെങ്കിലും വികസന സെമിനാറിന് ശേഷം വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

III വികസന സെമിനാർ യോഗ മിനുട്സ് ശരിയായി എഴുതിയിട്ടില്ല.

2020-21 വർഷത്തെ പദ്ധതി രൂപികരണത്തിനുള്ള വികസന സെമിനാർ 03.03.2020 ന് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വച്ച് ചേർന്നിട്ടുണ്ട്. എന്നാൽ യോഗ മിനുട്സ് ശരിയായി എഴുതിയിട്ടില്ല.

IV-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. ഇതനിസരിച്ചാണ് പഞ്ചായത്തിന്റെ റോഡ് പുരോഗതിക്കായുള്ള പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

V-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.
തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതി രൂപീകരണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 360941 | 1257567 | 1618508 | 1618505 | 3 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഉണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16426017 | 16426017 | 16426017 | 0 |

## 1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 68640 | 147 |
| കർഷകതൊഴിലാളി പെൻഷൻ | 4867500 | 326 |
| വിധവാപെൻഷൻ | 19233700 | 1320 |
| വാർദ്ധക്യകാലപെൻഷൻ | 21668100 | 1651 |
| വികലാംഗപെൻഷൻ | 6683800 | 436 |
| വിവാഹ ധന സഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 252800 | 19 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് തുക 11757/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ എല്ലാ വിവരവും ചേർത്ത് എഴുതി സൂക്ഷിച്ചിട്ടില്ല.
2. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
3. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രകാരം വിതരണം ചെയ്യുന്ന തപാലുകൾ ബന്ധപ്പെട്ട സെക്ഷൻ കൈപ്പറ്റുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല.
4. ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ അടങ്ങിയ ബിൽ ബുക്ക്, കാഷ്ബുക്ക്, പ്രൊജക്ട് രജിസ്റ്റർ, സ്റ്റോക്ക് ബുക്ക് തുടങ്ങിയവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.01.2021 | ഓഗസ്റ്റ് 2020 | 03.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2005 | 1997-98മുതൽ 2002-03 | 02-12-2005 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, കളക്ഷൻ, തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ നിന്നും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | | AFS പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡിമാന്റ് | തൻവർഷം | 5620026 | 5620026 | 0 |
| | കുടിശ്ശിക | 603277 | 741062 | 137785 |
| കളക്ഷൻ | തൻവർഷം | 5347657 | 5351179 | 3522 |
| | കുടിശ്ശിക | 618352 | 619224 | 872 |
| ബാലൻസ് | തൻവർഷം | 282976 | 282976 | 0 |
| | കുടിശ്ശിക | 90387 | 90387 | 0 |

2. ബാലൻസ് ഷീറ്റിലെ ബി-15 പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ ബുക്ക് ചെയ്ത തുക ക്രമപ്രകാരമല്ല (വസ്തു നികുതിയുടെ 5%)
3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ കെ എസ് ഇ ബി, കേരള വാട്ടർ അതോറിറ്റി, ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവക്കായി 1803572/- രൂപ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിലെ RP 47 ൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരം ചേർത്തിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം15/6/8/21) സഞ്ചയയിലെ സാങ്കേതിക തകരാറാണ് ഇതിന് കാരണം എന്നാണ് മറുപടി ലഭ്യമാക്കിയത്.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 ലൈഫ് ഭവന പദ്ധതി നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

ഗുണഭോക്താവ് ഒന്നാം കക്ഷിയായും ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് നിർവഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ) രണ്ടാം കക്ഷിയായും എഴുതി ഒപ്പിട്ട കരാർ പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നും നിർമ്മാണം പൂർത്തിയാക്കിയ ഭവനം യാതൊരു കാരണവശാലും കുറഞ്ഞത് 12 വർഷകാലത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ കൈമാറാവുന്നതല്ലെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| പ്രൊജക്ട് നം | | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച് ഭവനനിർമ്മാണം തുടങ്ങിയ തിയതി | ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ട തിയതി | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|---|---|---|
| 140/21(ജനറൽ) | 1 | പാർവ്വതി ടി W/0 രാമൻ | 13-8-2020 | 12-2-2021 | 300,000 | 9-11-20 |
| | 2 | ഖദീജ W/O മുഹമ്മദ് ഇഖ്ബാൽ | 29-9-2020 | 28-3-2021 | 2,00,000 | 6-1-21 |
| | 3 | ഫാത്തിമ സുഹ്റ W/O അബ്ദുൽ അസീസ് | 29-9-2020 | 28-3-2021 | 2,00,000 | 6-1-21 |
| | 4 | സൂസി W/O ആന്റണി | 29-9-2020 | 28-3-2021 | 2,00,000 | 12-1-21 |
| | 5 | സുമിത W/O അശോക് കുമാർ | 16-11-2020 | 15-5-2021 | 2,00,000 | 12-1-21 |
| | 6 | റുഖിയ്യ W/0 ഇസ്മായീൽ | 17-11-2020 | 16-5-2021 | 40,000 | 6-1-21 |
| | 7 | തങ്ക D/O കുമാരൻ | 23-12-2020 | 22-6-21 | 40,000 | 6-1-21 |

| | | | | | | |
|---|---|---|---|---|---|---|
| 143/21 (എസ്.സി) | 1 | ബീന എം W/O മനോജ് കുമാർ | 29-6-2020 | 28-12-2020 | 40,000 | 10-7-20 |
| | 2 | സുചിത്ര പി W/O ലതീഷ് | 13-10-2020 | 12-4-2021 | 2,00,000 | 6-1-21 |
| | 3 | സുകന്യ P | 13-10-2020 | 12-4-2021 | 2,00,000 | 6-1-21 |
| | 4 | സരോജിനി വലിയപുരക്കൽ | 22--12-2020 | 21-6-2021 | 40,000 | 6-1-21 |

ബന്ധപ്പെട്ട ഫയലുകൾ/ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഭവനനിർമ്മാണം ഓഡിറ്റ് തിയതി വരേയും പൂർത്തീകരിച്ചതായി കാണുന്നില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(20/9-8-21) മറുപടി ലഭ്യമാക്കിയിട്ടില്ല.ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി വിജ്ഞാപനം പുതുക്കിയില്ല

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്,ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടുണ്ട്.
എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കെട്ടിടങ്ങളുടെ ഗണങ്ങളുള്ള പട്ടികയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനു വിശദീകരണം ചോദിച്ചുകൊണ്ട് കൊടുത്ത ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം 9/03-08-2021) ന് മുൻ വർഷ ഓഡിറ്റ് റിപ്പേർട്ടുകളിൽ ഇത് സംബന്ധിച്ച് യാതൊരു പരാമർശവും വന്നിട്ടില്ലാത്തതുകൊണ്ടാണ് ഈ വിവരം ശ്രദ്ധയിൽ പെടാതിരുന്നതെന്നും ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2015 ൽ പുറപ്പെടുവിച്ച ഉത്തരവ് നാളിതുവരെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലയെന്നത് അവിശ്വസനീയമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വി എച് എം എസ് എസ് മൊറയൂർ എന്ന സ്കൂളിന്റെ കീഴിൽ ഒരു കാന്റീൻ പ്രവർത്തിക്കുന്നുണ്ട്. വിദ്യഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കിൽ ഇതിന്റെ നികുതി നിർണ്ണയം നടത്തുകയും വിദ്യഭ്യാസ ആവശ്യം പരിഗണിച്ച് നികുതി ഒഴിവാക്കി നൽകിയിട്ടുമുള്ളതുമാണ്. പുതിയ വിജ്ഞാപനം നടപ്പിൽ വരുത്തി ടി കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയച്ചതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപന (നം. A3 3085/2011 തിയതി. 02.01.2011) പ്രകാരം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയും, 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയുമാണ് നികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകുമ്പോഴും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 50 രൂപ നിരക്കിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിക്കുന്നതും ഈടാക്കുന്നതും.

എന്നാൽ പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയം നടത്തിയ ഫയലുകൾ പരിശോധിച്ചതിൽ അലി ,കീരി വീട്, വലിയോറ എന്ന വ്യക്തിയുടെ 269.46 ച മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനു വേണ്ടി നിർമ്മിച്ച കെട്ടിടത്തിനെ 90 ച മീറ്റർ, 88.96 ച മീറ്റർ, 90.5ച മീറ്റർ എന്നിങ്ങനെ വിസ്തീർണ്ണമുള്ള മുറികളായി തിരിച്ച് വ്യത്യസ്ത നമ്പർ നൽകി 100 ച മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ എന്ന് രേഖപ്പെടുത്തി, 30 രൂപ നിരക്കിൽ ആണ് വസ്തുനികുതി ഈടാക്കിയത്. അതുകൊണ്ട് തന്നെ വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ട്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് കൊടുത്ത ഓഡിറ്റ് അന്വേഷണ കുറിപ്പിന്( നം 14/06-08-21) ന് മറുപടി ലഭ്യമാക്കിയില്ല.

## 1-15 പെർമിറ്റിലെയും അംഗീകൃത പ്ലാനിലെയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ, ദി പ്രസിഡണ്ട്, ഹയാത്തുൽ മുസ്ലിമീൻ സംഘം എന്നവരുടെ 31.08.2019ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സർവ്വേ നം.16/13-2 പ്രകാരമുള്ള 2137.83ച.മീ സ്ഥലത്ത് ഗ്രൂപ്പ് ഡി, അസംബ്ലി കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച 11.06.2020 തിയ്യതിയിലെ 3853/19 നമ്പർ പെർമിറ്റിലെ കെട്ടിടം സംബന്ധിച്ച വിവരങ്ങളും,

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അസി.എഞ്ചിനിയറും അംഗീകരിച്ച് ഒപ്പ് വെച്ച പ്ലാനിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പെർമിറ്റ് പ്രകാരമുള്ള അളവ് | അംഗീകൃത പ്ലാൻ പ്രകാരമുള്ള അളവ് |
|---|---|---|
| പ്ലിന്ത് ഏരിയ-ഗ്രൗണ്ട് ഫ്ലോർ | 547ച.മീ. | 564.12ച.മീ. |
| പ്ലിന്ത് ഏരിയ-ഫസ്റ്റ് ഫ്ലോർ(പെർമിറ്റിൽ സെക്കന്റ് ഫ്ലോർ എന്നാണ് രേഖപ്പെടുത്തിയത്) | 235 ച.മീ. | 234.98ച.മീ. |
| പ്ലിന്ത് ഏരിയ -ആകെ | 782 ച.മീ. | 799.10 ച.മീ. |
| കെട്ടിടത്തിന്റെ ഉയരം | 4 മീറ്റർ | 8.95 മീറ്റർ |
| എഫ്.എ.ആർ/എഫ്.എസ്.ഐ | 0.7 | 0.37 |
| കവറേജ് | 35 | 26.38 |
| ഒക്കുപ്പൻസി | റസിഡൻഷ്യൽ | കമ്മ്യൂണിറ്റി ഹാൾ |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.25/09.08.2021ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദീകരിക്കേണ്ടതാണ്.

## 1-16 മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് 100000/ രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

| പ്രോജക്റ്റ് നം | ബിൽ നമ്പർ/തിയതി | ഫണ്ട് | തുക |
|---|---|---|---|
| 130/21 | 1/20-21<br>12.01.2021 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 100000 |

മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.23/09-08-21ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ വാഷർ എന്നിവ വാങ്ങൽ പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം / പേര് | 122/21 സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ വാഷർ എന്നിവ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ തുക | 180000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് തുക | 178960/- |
| വാട്ടർ പ്യൂരിഫയർ | 5 എണ്ണം -149860/-(ബിൽ റഫറൻസ് നം-2015105203950406289/27-03-2021) |
| വാഷർ | 3എണ്ണം-29100/-(ബിൽ റഫറൻസ് നം-2015105203950406295/27-03-2021) |
| പർച്ചെയ്സ് ചെയ്ത സ്ഥാപനം | വോഡാഫിൽട്രേഴ്സ് മലപ്പുറം |

പദ്ധതിപ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും 5 വാട്ടർ പ്യൂരിഫയറും 3 വാഷറും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.254,255/27-03-2021). ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

* പർച്ചെയ്സ് ചെയ്യുന്നതിന് ടെണ്ടർ പരസ്യം ചെയ്തിട്ടുണ്ടെങ്കിലും സ്പെസിഫിക്കേഷൻ എന്തൊക്കെയെന്ന് പരസ്യത്തിൽ വ്യക്തമാക്കിയിട്ടില്ല.

*വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള (6 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് ) ടെണ്ടറുകൾ ഹാജരാക്കിയില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/09-08-21) ലഭ്യമാക്കിയത് ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന്റെ മാത്രം ടെണ്ടറിന്റെ കോപ്പി ആണ്. ഒറിജിനൽ ടെണ്ടർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിശദ പരിശോധനക്ക് സാധിച്ചിട്ടില്ല. (ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 6 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ട് ).

*തെരഞ്ഞെടുത്ത സ്ഥാപനത്തിൽ നിന്നും ഇ എം ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

* ഭരണ സമിതി തീരുമാന പ്രകാരം (തീരുമാനം നം 1/5 തിയ്യതി. 26.02.2021) ടെണ്ടർ അംഗീകരിച്ച വോഡഫിൽറ്റേസ് മലപ്പുറം ക്വാട്ട് ചെയ്ത തുക24500/-രൂപയാണ്. എന്നാൽ സ്ഥാപനത്തിൽ നിന്നും വാട്ടർ പ്യൂരിഫയർ വാങ്ങിയതിന്റെ രേഖകൾ പരിശോധിച്ചതിൽ പ്യൂരിഫയർ ഒന്നിന് 25400 രൂപ (ജി എസ് ടി ഒഴികെ) ആയിട്ടാണ് കാണിക്കുന്നത്. ഭരണസമിതി തീരുമാനത്തിൽ നിന്നും വ്യതിചലിച്ച് 900/-രൂപ അധികമായാണ് വാട്ടർ പ്യൂരിഫയർ ഓരോന്നിനും അനുവദിച്ചിട്ടുള്ളത്.

മേൽ പരാമർശങ്ങൾക്ക് വ്യക്തമായ രേഖകൾ ഹാജരാക്കി അപാകതകൾ പരിഹരിക്കുന്നത് വരെ വാട്ടർ പ്യൂരിഫയർ പർചെയ്സ് ചെയ്യുന്നതിനുവേണ്ടി ചെലവഴിച്ച തുക 149860/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 ഫർണിച്ചർ വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ചെലവ് തടസ്സം ചെയ്യുന്നു.

വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ (191/2020 (SO) )

നിർവ്വഹണോദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ

അടങ്കൽ തുക 240000/-

ചെലവ് തുക 239951/- (ബിൽ ബുക്ക് ഹാജരാക്കിയില്ല )

മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് വിതരണത്തിനായി മേശ, കസേര എന്നിവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഉൾപ്പെടെയുള്ളവ നിർവ്വഹണ ഉദ്യോഗസ്ഥന് പരിശോധക്ക് ഹാജരാക്കിയില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ രേഖാമൂലം ഓഡിറ്റ് എൻക്വയറി (21/09-08-2021)നൽകിയെങ്കിലും ലഭ്യമാക്കാനായിട്ടില്ല. ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 239951/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I പദ്ധതി രൂപീകരണം - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നില്ല.

പദ്ധതി രൂപീകരണ പ്രക്രിയയുടെ പ്രധാന ഭാഗമായ വർക്കിംഗ് ഗ്രൂപ്പ് ശരിയായി പ്രവർത്തിച്ചതായി കാണുന്നില്ല. മുൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടന്നിട്ടില്ല. വികസന സെമിനാറിന് മുമ്പായി രണ്ട് യോഗങ്ങൾ ചേർന്നതായി കാണുന്നു. എന്നാൽ യോഗ മിനുട്സ് വ്യക്തമായി എഴുതാതെ ഏതാനും പ്രവൃത്തികളുടെ പേര് എഴുതി വയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

II) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 142 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 104 പ്രൊജക്ടുകളിലായി ആകെ 19430074 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 142 | ആകെ അടങ്കൽ | 28751199 |
| നടപ്പിലാക്കിയത് | 104 | ചെലവ് | 19430074 |
| ശതമാനം | 73 | ചെലവ് ശതമാനം | 68 |

III-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

IV-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റ സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘീകരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>കാലാവധി ദീർഘീകരണം (Extension Of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ചമക്കുന്ന കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-21 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്തപ്രവൃത്തികളിലൊന്നും തന്നെ ഈ നിർദ്ദേശംപാലിച്ചിട്ടില്ല. ഒരു പ്രവൃത്തിയുടെ ടെണ്ടർ രേഖ പരിശോധിച്ചതിൽ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന്റെ ചുരുക്കൊപ്പ് ഇല്ലാത്ത തിരുത്തലുകൾ ടെണ്ടറിൽ കണ്ടെത്തി

ടെണ്ടർ നടപടികളിലെ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2020-21 വർഷത്തിൽ പഞ്ചായത്തിൽ വിവിധ പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ്

എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട ലക്ഷക്കണക്കിന് രൂപ നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിച്ചില്ല.

2020-21 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ഉത്തരവ് GO(MS) 11/2018/LSGD Dt 29.01.2018 പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രവൃത്തി നടത്തുന്ന സ്ഥാപനങ്ങൾ തന്നെ തയ്യാറാക്കി സാങ്കേതിക അനുമതി നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമെ പണം മുൻകൂറായി നൽകാവൂ എന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. [11.2 (ഡി) ]

ജല ലഭ്യത ഉറപ്പുവരുത്തി വിദഗ്ധരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി മാത്രമെ കുടിവെള്ള പ്രൊജക്ടുകൾ നടപ്പിലാക്കാവൂ എന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2020-21 വർഷത്തിൽ A.E. നിർവ്വഹണം നടത്തിയ താഴെ പറയുന്ന കുടിവെള്ള പ്രൊജക്ടുകൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മലപ്പുറം ഓഫീസിൽ മുൻകൂറായി പണം നൽകിയിട്ടുണ്ട്.

| പ്രൊജക്ട്/ഫണ്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| ചോലയിൽ എസ്.സി കോളനി കുഴൽകിണർ നിർമ്മാണം (275/21)(CFC Grant) | 44775 | 20151052039000770053/24.12.2021 |
| മഞ്ഞളാംകുന്ന് എസ്.സി കോളനി കുഴൽകിണർ നിർമ്മാണം (276/21) (CFC Grant) | 51520 | 20151052039000770057/24.12.2021 |
| കുറ്റിക്കാട്ടുപറമ്പ് കോളനി കുഴൽകിണർ നിർമ്മാണം (277/21) (CFC Grant) | 39480 | 20151052039000770060/24.12.2021 |
| ഭരണിക്കുന്ന് കോളനി കുഴൽകിണർ നിർമ്മാണം (278/21) (CFC Grant) | 52730 | 20151052039000770063/24.12.2021 |
| | 188505 | |

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകൾ ലഭ്യമായില്ല.

എ) ജല ലഭ്യത പരിശോധിച്ച സാക്ഷ്യ പത്രം.

ബി) അംഗീകൃത എസ്റ്റിമേറ്റ്.

സി) നിർവഹണ ഏജൻസിയുമായി കരാർ ചമച്ചതിന്റെ രേഖ.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/04.08.2021 ) മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും പ്രവൃത്തിയുടെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-25 ഓട്ടോറിക്ഷ വാങ്ങൽ - പ്രൊജക്ട് നടത്തിപ്പിലെ അപാതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ എസ്.സി ഓട്ടോറിക്ഷ വാങ്ങൽ ( 163/21) എന്ന പ്രൊജക്ട് പ്രകാരം ₹ 120000 (20151052032500033944/11.04.2020, FDRL0001166 Acc No 11660051190002) പിൻവലിച്ച് ഫെഡറൽ ബാങ്കിന് നൽകിയിട്ടുണ്ട്. ( എസ്.സി.പി. ഫണ്ട് )

I- സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് GO(MS) 22/2018/LSGD Dt 14.02.2018 പ്രകാരം തൊഴിൽ സംരംഭത്തിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് ധന സഹായം നൽകുന്നതിന് താഴെ പരാമർശിക്കുന്ന നിബന്ധനകൾ ബാധകമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

A) ഒരിക്കൽ ധനസഹായം ലഭിച്ചവർ അർഹരല്ല.

B) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ, സ്വയം സംരംഭകത്വ മിഷനിലോ രജിസ്റ്റർ ചെയ്തവരായിരിക്കണം.

C) നിലവിൽ പ്രാബല്യത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരാവണം, വാഹനം വാങ്ങുന്നതിനു മുമ്പ് ബാഡ്ജ് കരസ്ഥമാക്കണം.

D) സ്വയം തൊഴിലിന് മറ്റ് ഏജൻസികളിൽ നിന്നോ മറ്റ് പദ്ധതികൾ പ്രകാരമോ സഹായം ലഭിച്ചവരാകരുത്.

E) വായ്പാ ബന്ധിത പ്രൊജക്ടാണെങ്കിൽ തുക ബാക്ക് എൻഡ് സബ്സിഡി ആയി ബാങ്കിലേക്ക് നൽകണം.

F) അഞ്ച് വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും നൽകുകയോ ചെയ്താൽ സബ്സിഡി തുക പലിശ സഹിതം തിരിച്ചടക്കണം

II- പ്രൊജക്ട് നടത്തിപ്പ് രേഖ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകൾ കണ്ടെത്താനായില്ല.

1) ആർക്കെല്ലാമാണ് ധനസഹായം നൽകിയത്.

2) ഇവർക്ക് ബാങ്ക് വായ്പ അനുവദിച്ച രേഖ

3) വാഹനം വാങ്ങിയതിന്റെയും, ടാക്സി ആയി രജിസ്റ്റർ ചെയ്തതിന്റെയും രേഖകൾ.

4) സഹായം നൽകിയ ഗുണഭോക്താക്കളുടെ ലൈസൻസ് , ബാഡ്ജ്, രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള മറ്റ് അർഹതാ രേഖകൾ.

ഇക്കാര്യം പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നമ്പർ 11/05-08-2021 ) രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-26 ലൈസൻസ് അനുവദിക്കൽ - അപാകതകൾ

ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ലൈസൻസുകളും അവയുടെ അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ വിവിധ അപാകതകൾ ചുവടെ ചേർക്കുന്നു

I) ഗ്രാമപഞ്ചായത്തിലേക്ക് ലൈസൻസ് ഫീസും മറ്റുമായി വരവ് ലഭിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കോളങ്ങളിലെ വിവരങ്ങൾ ചേർക്കാതെയും രേഖപ്പെടുത്തിയ വിവരങ്ങളുടെ കൃത്യത പരിശോധിക്കാതെയുമാണ് ലൈസൻസുകൾ അനുവദിച്ചത്. വിശദ വിവരങ്ങൾ ഉദാഹരണം സഹിതം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | സ്ഥാപനം/ ലൈസൻസ് നൽകിയതിന്റെ ഉദ്ദേശം | അപാകത/ഉദാഹരണം |
|---|---|---|---|---|
| 1 | 215/2020-21 | 12/576 D | നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, ന്യൂട്രിമിക്സ് നിർമ്മാണ സംരംഭം (ഫീസ്:500) | 1) കെട്ടിടത്തിന്റെ തരം പരിശോധിച്ച് ഉറപ്പ് വരുത്താതെ ലൈസൻസ് അനുവദിച്ചു. സഞ്ചയ സോഫ്റ്റ്വെയറിൽ കെട്ടിടത്തിന്റെ തരം പരിശോധിച്ചതിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം പാർപ്പിട തരം കെട്ടിടമാണ്. ആയത് തരം മാറ്റി വസ്തുനികുതി പുതുക്കി നിർണ്ണയിക്കാതെയാണ് ടി കെട്ടിടത്തിൽ വ്യവസായ/വാണിജ്യ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചത്.<br>2) അപേക്ഷയിൽ ജോലിക്കാരുടെ എണ്ണം, മൂലധന നിക്ഷേപം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 83/2020-21 | 6/525 A,B | മലബാർ ഡയഗ്നോസ്റ്റിക് സർവ്വീസ് മോങ്ങം, ലബോറട്ടറി, സ്കാനിംഗ്, എക്സ്റേ എന്നിവയുടെ നടത്തിപ്പ്. (ഫീസ്:500) | 1) അപക്ഷയിൽ 60000/- രൂപയാണ് മൂലധന നിക്ഷേപം രേഖപ്പെടുത്തിയത്. ലബോറട്ടറി, സ്കാനിംഗ്, എക്സറേ എന്നിവ നടത്തുന്ന ഒരു സ്ഥാപനത്തിന്റെ ഉപകരണങ്ങൾ ഉൾപ്പടെയുള്ള ആകെ മൂലധന നിക്ഷേപം 60000/- രൂപ രേഖപ്പെടുത്തിയത് വസ്തുതാപരമല്ല. വിവരങ്ങളുടെ കൃത്യത പരിശോധിക്കാതെയാണ് ലൈസൻസ് അമുവദിച്ചത്.<br>2) അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയത് ആരാണെന്നത്/ഏത് സെക്ഷനാണെന്നത് വ്യക്തമല്ല, ആയത് സെക്രട്ടറി അധികൃതമാക്കിയിട്ടുമില്ല. |

| | | | | |
|---|---|---|---|---|
| 3 | 128/2020-21 | 7/620 | സി.കെ ഗോൾഡ് വർക്ക്സ്, മോങ്ങം, ജ്വല്ലറി വർക്ക്സ് നടത്തുന്നതിന്. (ഫീസ്:1000) | അപേക്ഷയിൽ ജോലിക്കാരുടെ എണ്ണം,അന്വേഷണ റിപ്പോർട്ട് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 356/2020-21 | 7/208 A | മൊറോട്ടിൽ ഫ്യൂവൽസ്, പെട്രോൾ, ഡീസൽ എന്നിവ വിൽപ്പന നടത്തുന്നതിന്. (ഫീസ്:1500/-) | അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. |

II) കേരള പഞ്ചായത്ത് രാജ് നിയമം-വ്യവസായം, വാണിജ്യം,സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ലൈസൻസുകൾ പുതുക്കുന്ന സംഗതികളിൽ അതാത് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ മുൻപ് തന്നെ പുതുക്കേണ്ടതാണ്. എന്നാൽ ആകെയുള്ള 358 അപേക്ഷകരിൽ 152 അപേക്ഷകർ മാത്രമാണ് മുൻകൂറായി ലൈസൻസ് എടുത്തിട്ടുള്ളത്. ബാക്കി 206 പേരും തൻവർഷത്തിലാണ് ലൈസൻസ് എടുത്തത്/പുതുക്കിയത്.

III) തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 09.07.2021ലെ ആർ.സി.3/228/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ലൈസൻസുകൾ പുതുക്കുമ്പോൾ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ പരിശോധന റിപ്പോർട്ട് വളരെ പ്രാധാന്യമേറിയതാണ്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ , നിലവിലുള്ള ലൈസൻസ് പുതുക്കുന്നതാണോ അതോ പുതിയ ലൈസൻസിനുള്ളതാണോ എന്നത് സംബന്ധിച്ച രേഖപ്പെടുത്തലില്ല.മാത്രമല്ല, മുകളിലെ പട്ടികയിൽ പരാമർശിച്ച അപാകതകൾ പ്രകാരം അപേക്ഷകളിന്മേൽ ശരിയായ ഫീൽഡ് പരിശോധനയോ മറ്റോ ഇല്ലാതെയാണ് ലൈസൻസുകൾ അനുവദിച്ചത് എന്നാണ് വ്യക്തമാകുന്നത്.

IV) അപേക്ഷകളിൽ ജോലിക്കാരുടെ എണ്ണം രേഖപ്പെടുത്താത്തതിനാൽ ഒന്നിലധികം ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളാണെങ്കിൽ കെ.പി.ആർ (തൊഴിൽ നികുതി ) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം ഫോം II ൽ വേതന വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻകഴിയാതെ വരുന്നു.

V) മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിൽ എന്തടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിർണ്ണയിച്ചത് എന്നത് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.07/03.08.2021ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 സ്ഥാപനങ്ങളുടെ വിശദാംശങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ്/ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205ഇ വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണ പ്രദേശത്തുള്ള സ്ഥാപനങ്ങളുടെ പേരുകളും, മേൽവിലാസങ്ങളും ഉൾപ്പെടുത്തി ഒരു രജിസ്റ്റർ/ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. വ്യാപാര ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ കാര്യക്ഷമമായ പിരിവിന് സഹായകമാകുന്നതാണ് ഈ രേഖ. എന്നാൽ ഇങ്ങനെയുള്ള ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.08/03.08.2021ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-28 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി 26.11.2018 ലെ ഭരണ സമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 10.03.2019 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്.

I-പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

ഗുണഭോക്താക്കൾ - 121

ആകെ അടങ്കൽ - 12216500

പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെ നൽകുന്നു.

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 1000000 | 1000000 | 1000000 | 3000000 |
| പ്ലാൻ ഫണ്ട് | 1400000 | 4200000 | 3200000 | 8800000 |
| തനത് ഫണ്ട് | 100000 | 100000 | 100000 | 300000 |
| സ്പോൺസർഷിപ്പ് | 38750 | 38750 | 390000 | 116500 |
| | | | | 12216500 |

II - വിവിധ പ്രവർത്തലങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 2686500 |
| ചികിത്സ | 63600 |
| വസ്ത്രം | 116500 |
| ഭവന നിർമ്മാണം | 8000000 |
| വിദ്യാഭ്യാസം | 82500 |
| ഭവന പുനരുദ്ധാരണം | 1100000 |
| റിസർവ് ഫണ്ട് | 150000 |
| മറ്റു ചെലവുകൾ | 9000 |
| മെഡിക്കൽ ക്യാമ്പ് | 8400 |
| ആകെ | 12216500 |

III- ചെലവ് വിവരം

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ നാളിതുവരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 2000000 | 907767 |
| പ്ലാൻ ഫണ്ട് | 350000 | 50000 |

ചെലവിന്റെ ഇനം തിരിച്ച വിവരം താഴെ നൽകുന്നു.

| | |
|---|---|
| ഭക്ഷണം | 879287 |
| മറ്റു ചെലവുകൾ | 3000 |
| വിദ്യാഭ്യാസം | 25480 |
| ഭവന പുനരുദ്ധാരണം | 50000 |

IV- അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്റ്റ് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്റ്റിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് ഭക്ഷ ണ കിറ്റ് വിതരണം ചെയ്യുക എന്നത് മാത്രമാണ് ഈ പ്രൊജക്റ്റിൽ നാളിതുവരെ നടപ്പിലായ പ്രധാന പരിപാടി.

പ്ലാൻ ഫണ്ട് ഇനത്തിൽ പഞ്ചായത്ത് അനുവദിച്ച 3.5 ലക്ഷത്തിൽ 0.5 ലക്ഷം മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്.

മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട ഈ പദ്ധതി ആരംഭിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും പദ്ധതി നടത്തിപ്പിൽ ഒട്ടും പുരോഗതി ഇല്ല എന്നാണ് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. മൂന്ന് വർഷം കൊണ്ട് പ്രൊജക്റ്റ് നടത്തിപ്പിന് 91 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി പ്രൊജക്റ്റിന് വകയിരുത്തേണ്ടതായിരുന്നു എങ്കിലും ആദ്യ രണ്ട് വർഷങ്ങളിലായി കേവലം 3.5 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് വകയിരുത്തിയത്.. പദ്ധതിയുടെ അവസാന വർഷമായ 2021-2022 വർഷത്തിൽ കേവലം ഒരു ലക്ഷംരൂപ മാത്രമാണ് പഞ്ചായത്ത് ഈ പ്രൊജക്റ്റിന് വകയിരുത്തിയത്. ഭവന രഹിതരായ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 80ലക്ഷം രൂപ വകയിരുത്തിയതിൽ രണ്ട് വർഷ കാലയളവിൽ ഒരാൾക്ക് പോലും ആനുകൂല്യം നൽകാനായിട്ടില്ല. അഗതി കുടുംബങ്ങൾക്ക് പ്രൊജക്റ്റിലൂടെ നൽകിയ സുരക്ഷിതമായ ഭവനമെന്ന വാഗ്ദാനം നിറവേറ്റാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിലും , അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഈ പ്രൊജക്റ്റ് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കേഷൻ നമ്പർ/തീയതി |
|---|---|---|
| 2019-20 | 02-08-2021 മുതൽ 04-08-2021 വരെ | കെ.എസ്.എ.എം.പി.എം.22/568/2021 തീയതി 01-09-2021 |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , പ്രൊജക്റ്റ് നമ്പർ:103/21 | 300000 | 0 |
| | 2020-21 | 1000000 | ഭൂരഹിത ഭവന രഹിതർക്ക് വീട് , പ്രൊജക്റ്റ് നമ്പർ:139/21 | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 800000 | ഭൂരഹിത ഭവന രഹിതർക്ക് വീട് , പ്രൊജക്റ്റ് നമ്പർ:139/21 | 800000 | 0 |
| | 2020-21 | 400000 | ഭൂമിയുള്ള ഭവന രഹിതർക്ക് വീട് , പ്രൊജക്റ്റ് നമ്പർ:256/21 | 400000 | |
| | 2020-21 | 150000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , പ്രൊജക്റ്റ് നമ്പർ:103/21 | 150000 | 0 |
| | 2020-21 | 300000 | മൊറയൂർ കുടിവെള്ള പദ്ധതി, പ്രൊജക്റ്റ് നമ്പർ:/21 | 0 | 300000 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 204/21 | 2015105200 3100100000 തീയതി 11-4-2020 | 749570 | 749570 | പൂർത്തീകരിച്ച | 0 |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 211/21 | 2015105200 310010000 തീയതി 11-4-2020 | 760594 | 250000 | പൂർത്തീകരിച്ച | 0 |
| KWA | പുലിക്കോട്ടിൽ കുടിവെള്ള പദ്ധതി,294/21 | 2015105200 3100700000 തീയതി 21-12-2020 | 31775 | 31775 | പൂർത്തീകരിച്ച | 0 |
| KWA | പള്ളിയാളിതൊടി കുടിവെള്ള പദ്ധതി319/21 | 509310720120060 തീയതി 8-2-2021 | 73128 | 73128 | പൂർത്തീകരിച്ച | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചോലയിൽ എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | 20151052003900700000 തീയതി 28-09-2020 | 44775 | 0 | പൂർത്തീകരിച്ചിട്ടില്ല | 44775 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | മഞ്ഞളാം കുന്ന് എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | 20151052003900700000 തീയതി 28-09-2020 | 51520 | 0 | പൂർത്തീകരിച്ചിട്ടില്ല | 51520 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുറ്റിക്കാട്ടുപറമ്പ് എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | 20151052003900700000 തീയതി 28-09-2020 | 39480 | 0 | പൂർത്തീകരിച്ചിട്ടില്ല | 39480 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഭരണിക്കുന്ന് എസ്.സി കോളനി കുഴൽ കിണർ നിർമ്മാണം | 20151052003900700000 തീയതി 28-09-2020 | 52730 | 0 | പൂർത്തീകരിച്ചിട്ടില്ല | 52730 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി-KURDFC | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 2902240 | 2288711 | 746471 | 0 | 1582240 |

**കുറിപ്പ്:**
2020-21 സാമ്പത്തികവർഷത്തിൽ 40,000/-രൂപ കൂടി ലോൺ ഇനത്തിൽ ലഭ്യമായിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1120225 |

| | |
|---|---|
| തൻ വർഷം നിക്ഷേപിച്ച തുക | 86410 |
| ആകെ | 1206635 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1206635 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ/തീയതി |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, മൊറയൂർ | 1206635 | 773123/29-6-20 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 മുതൽ 2018-19 വരെ | 1 | 200 | ഹെൽത്തി സ്മൈൽ ഡെന്റൽ ക്ളിനിക്ക് | 120080102112/27/8/20 |
| 2018-19 | 1-14(2)(10) | 600 | Shope In One Super Market | 120080102414/22-9-20 |
| 2018-19 | 1-14(2)(10) | 600 | Shope In One Super Market | 120080102415/22-9-20 |
| 2018-19 | 1-17 | 5031 | അബ്ദു റഹ്മാൻ,അബ്ദു സമീർ | 120080102624/5-10-20 |
| 2018-19 | 1-14(1) | 2000 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 120080103150/6/11/20 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | | വസ്തു നികുതി രേഖകൾ പൂർണ്ണമല്ല | നടപടി തുടർന്ന് വരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല.

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997-98 | 49-1 | ശ്രീമതി. ലളിത എ സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF2732/ Sp.Cell/ Sc5/04 Dt 30.10.04 | 13339/- | -- | -- | -- | -- | -- | 13339/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | 1998-99 | 43 | ശ്രീ. ഐസൻ ജോസ്, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ Spl.Cell/ Sc5/04 Dt 12.12.05 | 2963/- | -- | -- | -- | -- | -- | 2963/- |
| 3 | 1998-99 | 29(B) | ശ്രീ. സി ശിവദാസൻ, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 23209/ Spl.Cell/ Sc5/04 Dt 12.12.05 | 2500/- | -- | -- | -- | -- | -- | 2500/- |
| 4 | 1999-00 | 3-12,3-13, 3-14,3-15, 3-16,3-17, 3-23, 3-23(B), 3-24, 3-26(1), 3-26(2), 3-26(3), 3-27,3-28, 3-29, 3-30,3-31, 3-32, 3-33, 3-34,3-35, 3-38, 3-52(1), 3-52(2). | ശ്രീ. ഐസൻ ജോസ്, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.Cell/ SC5/07 24.03.09/ 28.04.09 | 100367/- | -- | -- | 100367/- (OP74/ 09 Allow Ed 30-11-17) | -- | -- | 100367/- |
| 5 | 1999-00 | 3(8), 3(9) 3(10) 3(11), 3(20) | ശ്രീ. സി ശിവദാസൻ, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18020/ Spl.Cell/ SC5/07 24.03.09/ 28.04.09 | 6740/- | -- | -- | -- | -- | -- | 6740/- |
| 6 | 2001-02 | 3-5 | ശ്രീമതി. കെ.പി രതി, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF 18849/ Spl.Cell/ SC5/06 7.5.09/ 11.5.09 | 7875/- | -- | -- | -- | -- | -- | 7875/- |

## <u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 115064487 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70142752 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 698316 |

<u>ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻറെ വിവരം</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 149860 | ശ്രീ. മുഹമ്മദ് അബ്ദുൾ റഷീദ്, എ.ഇ. |
| 1-18 | 239951 | ശ്രീ. മുഹമ്മദ് അബ്ദുൾ റഷീദ്, എ.ഇ. |
| 1-24 | 188505 | ശ്രീമതി ശാന്തി തോമസ്. എ.ഇ. |
| 1-25 | 120000 | ശ്രീ. രാജേഷ്.എ.കെ., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 698316 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-1986 | എൽ എഫ് എം 11/897/2013 തിയ്യതി 11.03.14 | 1 |
| 1986-1987<br>1987-1988 | എൽ എഫ് എം7/937/97 തിയ്യതി 23.10.10 | 5 |
| 1988-1989<br>1989-1990 | എൽ എഫ് എം7/938/97 തിയ്യതി 23.10.10 | 13 |
| 1990-1991 | എൽ എഫ് എം10/229/95 തിയ്യതി 23.10.10 | 10 |
| 1991-1992 | എൽ എഫ് എം10/606/93 തിയ്യതി 23.10.10 | 12 |
| 1994-1995<br>1995-1996 | എൽ എഫ് എം14/561/03 തിയ്യതി 23.10.10 | 10 |
| 1997-1998 | എൽ എഫ് എം14/1600/03 തിയ്യതി 23.10.10 | 14 |
| 1998-1999 | എൽ എഫ് എം17/514/03 തിയ്യതി 23.10.10 | 19 |
| 1999-2000 | എൽ എഫ് എം17/1279/04 തിയ്യതി 23.10.10 | 22 |
| 2000-2001 | എൽ എഫ് എം17/417/05 തിയ്യതി 23.10.10 | 29 |
| 2001-2002<br>2002-2003 | എൽ എഫ് എം17/199/05 തിയ്യതി 23.10.10 | 7 |
| 2003-2004 | എൽ എഫ് എം8/2451/07 തിയ്യതി23.10.10 | 4 |
| 2004-2005 | എൽ എഫ് എം.8/2452/07 തിയ്യതി 23.10.10 | 5 |
| 2005-2006 | എൽ എഫ് എം10/565/10 തിയ്യതി 03.6.10/5.1/11 | 4 |
| 2006-2007 | എൽ എഫ് എം10/566/10 തിയ്യതി 30.6.10/5.1/11 | 8 |
| 2007-2008 | എൽ എഫ് എം14/1450/10 തിയ്യതി 11.11.10/26.4.11 | 22 |
| 2008-09,09-10, 10-11 | എൽ എഫ് എം11/2461/13 തിയ്യതി 07.04.14 | 21 |
| 2011-12,12-13 | കെ എസ് എ എം പി എം 11/225/15 തിയ്യതി 26.08.17 | 5 |
| 2013-14,14-15 | കെ എസ് എ എം പി എം 22/1760/20തിയ്യതി 7-12-20 | 21 |
| 2015-2016 | കെ.എസ്.എ.എം.പി.എം22/1759/2020തീയതി.7/12/20 | 1 |
| 2016-2017 | കെ.എസ്.എ.എം.പി.എം.22/1827/2017 തീയതി: 23-8-17 | 21 |
| 2017-2018 | കെ.എസ്.എ.എം.പി.എം.22/812/2021 തീയതി: 06-07-2021 | 2 |
| 2018-19 | കെ.എസ്.എ.എം.പി.എം.22/813/2021 തീയതി: 20-07-2021 | 12 |
| 2019-20 | കെ.എസ്.എ.എം.പി.എം.22/544/2021 തീയതി: 02-08-2021 | 10 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്